"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പയ്യന്നൂർ നിയോജകമണ്ഡലം ബഹു. മുൻ എം.എൽ.എ ശ്രീ.സി.കൃഷ്ണൻ അവർകളുടെ 2015-16 ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "കുന്നരു ടാഗോർ സ്മാരക വായനശാല & ഗ്രന്ഥാലയം ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവർത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3094/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

---

പരാമർശം:-
1. 01/08/2019-ലെ ജി.ഒ (ആർ.റ്റി)നം.1900/2019/തസ്വഭവ.
2. 13/07/2022-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി5/1022/2017/സി.ഇ/LIE &EW നം. കത്ത്.
3. 21/09/2022-ലെ സ.ഉ (സാധാ)നം.6474/2022/ധന.

**ഉത്തരവ്**

പയ്യന്നൂർ നിയോജകമണ്ഡലം മുൻ എം.എൽ.എ-യുടെ 2015-16 ആസ്തി വികസന പദ്ധതിയിലുൾ പ്പെടുത്തി "കുന്നരു ടാഗോർ സ്മാരക വായനശാല & ഗ്രന്ഥാലയം ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവർത്തിക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ വേളയിൽ ഗ്രൗണ്ടിന്റെ കിഴക്ക് വശത്തായി സൈറ്റ് ക്ലിയറൻസ് ചെയ്തപ്പോൾ അതിർത്തിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതിനേക്കാൾ അധികമായി ഡെപ്ത് കാണപ്പെട്ടു. പ്രസ്തുത സാഹചര്യത്തിൽ സുരക്ഷയും

സ്റ്റെബിലിറ്റിയും പരിഗണിച്ച് കൂടുതൽ വീതിയിലും ഉയരത്തിലും സൈഡ് പ്രൊട്ടക്ഷൻ വർക്ക് നൽകേണ്ടതായി വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്തിട്ടുള്ള എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ അധികരിക്കാതെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം രണ്ട് പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പുതുക്കുന്നതിന് പ്രത്യോകാനുമതി നൽകി കൊണ്ടുള്ള പരാമർശം മൂന്നിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ.സി.കൃഷ്ണൻ അവർകളുടെ 2015-16 ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "കുന്നരു ടാഗോർ സ്മാരക വായനശാല & ഗ്രന്ഥാലയം ഗ്രൗണ്ട് നിർമ്മാണം" എന്ന പ്രവർത്തിക്ക് ഭരണാനുമതി തുകയിൽ അധികരിക്കാതെ (40 ലക്ഷം രൂപ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.സി.കൃഷ്ണൻ, ബഹു.മുൻ.എം.എൽ.എ, ചെറുട്ട ഹൗസ്, വെള്ളൂർ.പി.ഒ, പയ്യന്നൂർ, കണ്ണൂർ - 670 307.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
ധനകാര്യ വകുപ്പ് (NC-C3/56/2017-FIN. dated 26/09/2022).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

സ.ഉ.(സാധാ) നം.3094/2022/LSGD

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 13-12-2022 14:56:19
സെക്ഷൻ ഓഫീസർ